(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഇപ്പോഴുണ്ട് ; സീനിയർ പ്രൊമോഷൻവഴി എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട് ; വിശദമാക്കുമോ ;

(സി) ഒഴിവുകളുടെ എണ്ണം റിപ്പോർട്ടുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഹയർസെക്കന്ററി വകുപ്പ് തസ്തിക പുനർ നിർണ്ണയവും ഡെപ്യൂട്ടേഷൻ നിയമനവും

35 (5103) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വകുപ്പ് രൂപീകരിച്ചശേഷം ഡയറക്ടറേറ്റിലെ തസ്തിക പുനർനിർണ്ണയം നടന്നിട്ടുണ്ടോ ;

(ബി) ഡയറക്ടറേറ്റ് രൂപീകരിക്കുമ്പോൾ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നോ ; അതിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(സി) ഹയർസെക്കന്ററി വകുപ്പിൽ ജീവനക്കാരുടെ അധികജോലി ഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർവ്വകലാശാലകളിൽ നിന്നും ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷനിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നിയമിച്ചിരുന്ന ഉദ്യോഗസ്ഥരെ തിരിച്ചയക്കുകയുണ്ടായോ ; ഇങ്ങനെവരുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദ വിവരം ലഭ്യമാക്കാമോ ;

(ഇ) അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പൊതുപരീക്ഷകൾ എന്നിവയുടെ എണ്ണം വർദ്ധിപ്പിച്ചതിനനുസരിച്ച് ഡയറക്ടറേറ്റിൽ തസ്തികകളുടെ എണ്ണം പുനർനിർണ്ണയം ചെയ്യുമോ ;

(എഫ്) ഡയറക്ടറേറ്റിൽ ഒഴിവുള്ള തസ്തികകളിൽ സെക്രട്ടേറിയറ്റിൽ നിന്നും ജീവനക്കാരെ നിയമിക്കുന്നത് ചട്ടപ്രകാരമാണോ ;

(ജി) ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിനും അതുവഴി ഒഴിവു വരുന്ന തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ റെഗുലറൈസ് ചെയ്യപ്പെടാൻ താൽപ്പര്യമില്ലാത്ത 33 യൂണിവേഴ്സിറ്റി ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരിച്ചയച്ചു. അതുമൂലം ഡയറക്ടറേറ്റിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സെക്രട്ടേറിയറ്റിൽ നിന്നും താൽക്കാലിക സംവിധാനം എന്ന നിലയിൽ 19 സെക്ഷൻ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പൊതുഭരണ വകുപ്പാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്.

(ഇ) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ്) ഉത്തരം (ഡി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ജി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർസെക്കന്ററി സ്കൂളുകളിലെ ഗണിതശാസ്ത്രം സീനിയർ തസ്തികയിലെ ഒഴിവുകൾ

36 (5105) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ഗണിതശാസ്ത്രം സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ (2015 ജൂൺ വരെയുള്ള റിട്ടയർമെന്റ് ഉൾപ്പെടെ) ഉണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ;

(സി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തവ ഏതൊക്കെരീതിയിലാണ് നികത്തപ്പെടുന്നത് ; വ്യക്തമാക്കാമോ ;

(ഡി) 2015 ജൂണിൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർ പ്രമോഷന് അർഹരായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly